Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# വാർത്താക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**7th December 2021**

## തദ്ദേശ ഉപതിരഞ്ഞെടുപ്പിൽ 75 ശതമാനം പേർ വോട്ട് രേഖപ്പെടുത്തി

സംസ്ഥാനത്തെ 12 ജില്ലകളിലെ 32 തദ്ദേശ വാർഡുകളിൽ ഇന്ന് (07.12.2021) നടന്ന വോട്ടെടുപ്പിൽ 75.06 ശതമാനം പേർ വോട്ട് രേഖപ്പെടുത്തിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

ആലപ്പുഴ, പാലക്കാട്, കോഴിക്കോട് ജില്ലാ പഞ്ചായത്തുകളിലെ മൂന്നും തിരുവനന്തപുരം, കൊച്ചി മുനിസിപ്പൽ കോർപ്പറേഷനുകളിലെ രണ്ടും, വിവിധ ബ്ലോക്ക് പഞ്ചായത്തുകളിലെ നാലും മുനിസിപ്പൽ കൗൺസിലുകളിലെ മൂന്നും ഗ്രാമപഞ്ചായത്തുകളിലെ ഇരുപതും വാർഡുകളിലേക്കാണ് ഇന്ന് ഉപതിരഞ്ഞെടുപ്പ് നടന്നത്. 32 വാർഡുകളിലായി 1,48,192 സ്ത്രീകളും രണ്ട് ട്രാൻസ്ജെന്ററുകളും ഉൾപ്പെടെ ആകെ 2,82,645 വോട്ടർമാരുണ്ടായിരുന്നു.

വോട്ടെടുപ്പ് സമാധാനപരമായിരുന്നു. കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചാണ് തിരഞ്ഞെടുപ്പ് നടത്തിയത്. വോട്ടെണ്ണൽ നാളെ (08.12.2021) രാവിലെ 10 മണിക്ക് വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തും.

ഉപതിരഞ്ഞെടുപ്പ് നടന്ന തദ്ദേശ സ്ഥാപനം, വാർഡ്, (പോളിംഗ് ശതമാനം) എന്ന ക്രമത്തിൽ; തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ, വെട്ടുകാട്(57.65%) ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്, ഇടയ്ക്കോട്(62.18%) പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്, പോത്തൻകോട്(60.12%) വിതുര ഗ്രാമപഞ്ചായത്ത്, പൊന്നാംചുണ്ട് (72.7%) കൊല്ലം ചിതറ ഗ്രാമപഞ്ചായത്ത്, സത്യമംഗലം(77.02%) തേവലക്കര ഗ്രാമപഞ്ചായത്ത്, നടുവിലക്കര(76.58%) ആലപ്പുഴ ജില്ലാ പഞ്ചായത്ത്, അരൂർ(60.93%) കോട്ടയം കാണക്കാരി ഗ്രാമപഞ്ചായത്ത്, കളരിപ്പടി(72.85%) മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്, മാഞ്ഞൂർ സെൻട്രൽ (73.79%) ഇടുക്കി രാജക്കാട് ഗ്രാമപഞ്ചായത്ത്, കുരിശുംപടി(81.46%) ഇടമലക്കുടി ഗ്രാമപഞ്ചായത്ത്, വടക്കേഇടലി പാറക്കുടി (69.69%) കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ, ഗാന്ധിനഗർ (68.34%) പിറവം മുനിസിപ്പൽ കൗൺസിൽ ഇടപ്പിള്ളിച്ചിറ (85.62%) തൃശ്ശൂർ മതിലകം ബ്ലോക്ക് പഞ്ചായത്ത്, അഴീക്കോട്(66.24%) ഇരിങ്ങാലക്കുട മുനിസിപ്പൽ കൗൺസിൽ, ചാലാംപാടം (75.2%) കടപ്പുറം ഗ്രാമപഞ്ചായത്ത്, ലൈറ്റ് ഹൗസ്(75.31%) പാലക്കാട് ജില്ലാ പഞ്ചായത്ത്, ശ്രീകൃഷ്ണപുരം(63.37%) കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് ചുങ്കമന്ദം(65.63%) തരൂർ ഗ്രാമപഞ്ചായത്ത്, തോട്ടുംപള്ള (79.64%) എരുത്തേമ്പതി ഗ്രാമപഞ്ചായത്ത്, മൂങ്കിൽമട(94.73%) എരുമയൂർ ഗ്രാമപഞ്ചായത്ത്, അരിയക്കോട്(81.2%) ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്, കർക്കിടകച്ചാൽ(81.98%) മലപ്പുറം പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്, ചീനിക്കൽ(75.54%) കാലടി ഗ്രാമപഞ്ചായത്ത്, ചാലപ്പുറം(80.57%) തിരുവാലി ഗ്രാമപഞ്ചായത്ത്, കണ്ടമംഗലം(77.66%) ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്, വേഴക്കോട്(92.31%) മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്, കാച്ചിനിക്കാട് പടിഞ്ഞാറ്(87.19%) കോഴിക്കോട് ജില്ലാ പഞ്ചായത്ത്, നൻമണ്ട(62.54%) കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്, കുമ്പാറ(87.21%) ഉണ്ണിക്കുളം ഗ്രാമപഞ്ചായത്ത്, വള്ളിയോത്ത്(83.99%) കണ്ണൂർ എരുവേശി ഗ്രാമപഞ്ചായത്ത്, കൊക്കമുള്ള്(72%) കാഞ്ഞങ്ങാട് മുനിസിപ്പൽ കൗൺസിൽ, ഒഴിഞ്ഞവളപ്പ് (80.74%) .

*(എസ്.ഇ.സി.32/2021)*